## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7248 11.07.2014-ൽ മറുപടിക്ക്**

## തൃശ്ശൂർ-പാലക്കാട് ഹൈവേ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയപാതകളുടെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പിന്റെയും, പൊതുമരാമത്ത് വകുപ്പിന്റെയും നേതൃത്വത്തിൽ സംയോജിത (കമ്പയിൻഡ്) ഓഫീസുകൾ തുറക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) കേരളത്തിലെ ജനസാന്ദ്രതയും, സ്ഥലലഭ്യതയുടെ കുറവും പരിഗണിച്ച് ഐ.ആർ.സി.നോംസിൽ ഭൂഗർഭ പാതകളും, ഫ്ളൈ ഓവറുകളും നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) സ്ഥലലഭ്യത പരിമിതമായ പ്രദേശങ്ങളിൽ ഭൂഗർഭ പാതകളും എലിവേറ്റഡ് ഹൈവേകളും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ ഹൈവേ വികസനത്തിൽ അണ്ടർപാസ്സുകളും ഫ്ലൈഓവറുകളും ഇന്ത്യൻ റോഡ് കോൺഗ്രസ് വ്യവസ്ഥകൾ പ്രകാരമാണ് നിർമ്മിച്ചു വരുന്നത്. |
| (സി) തൃശ്ശൂർ-പാലക്കാട് ഹൈവേ വികസനത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചോ; വിശദാംശം നൽകാമോ; | (സി) പ്രസ്തുത റോഡ് വികസനത്തിനായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ഡി) തൃശ്ശൂർ- പാലക്കാട് ഹൈവേ നിർമ്മാണ പ്രവൃത്തികളിലെ പുരോഗതി സംബന്ധിച്ച് അടിയന്തര അവലോകനത്തിന് നടപടി സ്വീകരിക്കുമോ? | (ഡി) ആവശ്യമായ ഘട്ടങ്ങളിൽ അവലോകനം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ